ഉത്തരം

(എ) സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയാകാത്ത സാഹചര്യത്തിൽ വിശദാംശങ്ങൾ തിട്ടപ്പെടുത്താൻ നിർവ്വാഹമില്ല.

(ബി) 1,08,433 വിദ്യാർത്ഥികൾ കുറവാണ്.

നിയമന അംഗീകാരം ലഭിക്കാത്ത സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ

98 (3657) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നിയമന അംഗീകാരം ലഭിക്കാത്ത എത്ര സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവരുടെ നിയമനം അംഗീകരിക്കുന്നതിന് എന്താണ് തടസ്സം എന്നും എത്ര പേരുടെ അപേക്ഷകൾ തീർപ്പാക്കാതെ ഉണ്ടെന്നും വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര അദ്ധ്യാപകരുടെ നിയമനം അംഗീകരിച്ചു എന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ;

(ഡി) നിയമനാംഗീകാരം കാത്തു കഴിഞ്ഞ ഈ വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ പ്രശ്നങ്ങൾ എന്നത്തേക്ക് പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര പേരുടെ നിയമനം അംഗീകരിച്ചു എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ചട്ടങ്ങൾക്ക് വിരുദ്ധമായി അംഗീകാരമില്ലാത്ത തസ്തികകളിൽ സ്വകാര്യ മാനേജ്മെന്റ് മാനേജർമാർ അനധികൃതമായി നിയമനം നല്കിയ കാരണത്താലാണ് ഇവരുടെ നിയമനം അംഗീകരിക്കാൻ തടസ്സമാകുന്നത്. എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വിവരം ശേഖരിച്ചു വരുന്നു.

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയ റിപ്പോർട്ടനുസരിച്ച് ഈ വിഭാഗത്തിൽപ്പെട്ട 123 അദ്ധ്യാപകർക്കാണ് നിയമനാംഗീകാരം നൽകിയത്. റിപ്പോർട്ട് പ്രകാരമുള്ള കണക്ക് (ജില്ല തിരിച്ച്) താഴെ വിവരിക്കുന്നു.

കാസർഗോഡ്	-	2
കണ്ണൂർ	-	64

LIBRARY ARCHIVES Kerala Legislative Assembly

വയനാട്	–	1
കോഴിക്കോട്	–	48
മലപ്പുറം	–	1
പത്തനംതിട്ട	–	1
കൊല്ലം	–	3
തിരുവനന്തപുരം	–	3
ആകെ	–	123

(ഡി) നിലവിലുള്ള ചട്ടങ്ങൾ അനുശാസിക്കും വിധം ഈ വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിശോധിച്ച് എത്രയും വേഗം തീർപ്പാക്കുന്നതാണ്.

(ഇ) ഇത് സംബന്ധിച്ച വിവരം ശേഖരിച്ച് വരുന്നു.

സ്കൂളുകളിലെ ഒഴിവുകൾ പൂർണ്ണമായും നികത്താൻ നടപടി

99 (3658) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കുമോ ;

(ബി) ഈ ഒഴിവുകൾ നികത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) കഴിഞ്ഞ വർഷം സ്കൂളുകൾ തുറന്ന് മാസങ്ങൾ കഴിഞ്ഞിട്ടും വേണ്ടത്ര അദ്ധ്യാപകരെ നിയമിക്കുവാൻ കഴിഞ്ഞില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ വർഷം ആദ്യടേമിൽ തന്നെ ഒഴിവുകൾ പൂർണ്ണമായും നികത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എൽ.പി./യു.പി. സ്കൂളുകളിൽ 2589-ഉം ഹൈസ്കൂളുകളിൽ 1218-ഉം ഹയർ സെക്കണ്ടറി സ്കൂളുകളിൽ 5319-ഉം ഒഴിവുകൾ ഉണ്ട്.

(ബി) എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിൽ ഒഴിവുകൾ നികത്താൻ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറിയിൽ 75% ഒഴിവുകളിൽ പി.എസ്.സി. വഴിയുള്ള നിയമനത്തിന് ടെസ്റ്റ് നടത്തിക്കഴിഞ്ഞു. ബാക്കി 25% ഒഴിവുകളിൽ യോഗ്യതയുള്ള 910 അദ്ധ്യാപകരെ ജൂലായ് മാസം ആദ്യവാരത്തിൽ തന്നെ നിയമിച്ചു. ബാക്കിയുള്ള 420 ഒഴിവുകളിൽ നിയമിക്കുന്നതിന് യോഗ്യതയുള്ള അദ്ധ്യാപകർ ഇപ്പോൾ ലിസ്റ്റിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly